Sectt. 3/45/2010/5 lakhs GPM. © Govt. of Kerala.

GOVERNMENT OF KERALA

സംഗ്രഹം

പബ്ലിക് സർവ്വീസ് - ഡിപ്പാർട്ട്മെന്റൽ പരീക്ഷ - അന്ധരായ ഉദ്യോഗസ്ഥർക്ക് വാചാ പരീക്ഷ നടത്തുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**സ.ഉ.(പി) നം: 31/11/ഉഭപവ** **തീയതി, തിരുവനന്തപുരം 7/09/2011**

==========================================================

പരാമർശം: കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 4/12/2008, 26/4/2011 എന്നീ തീയതികളിലെ ഡി.ഇ. I(1)2168/08/EW നമ്പർ കത്ത്.

ഉത്തരവ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഡിപ്പാർട്ടുമെന്റൽ പരീക്ഷയിൽ, അന്ധരായ ഉദ്യോഗസ്ഥരെ സ്ക്രൈബിന്റെ സഹായത്തോടെ എഴുതുന്നതിന് നിലവിൽ അനുവാദമുണ്ട്. പുസ്തകത്തിന്റെ സഹായമില്ലാതെ എഴുതുന്ന പരീക്ഷകൾക്കാണ് ഇത്തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പുസ്തകമുപയോഗിച്ചെഴുതുന്ന പരീക്ഷകൾക്കും സ്ക്രൈബിനെ അനുവദിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം പബ്ലിക് സർവ്വീസ് കമ്മിഷനുമായി കൂടിയാലോചിച്ച് പരിശോധിക്കുകയുണ്ടായി. പുസ്തകമുപയോഗിച്ചെഴുതുന്ന പരീക്ഷകൾക്കും സ്ക്രൈബിനെ അനുവദിക്കുകയാണെങ്കിൽ ഉത്തരങ്ങൾ സ്ക്രൈബായി നിയോഗിക്കപ്പെടുന്ന ആളിന്റെ വൈദഗ്ദ്ധ്യത്തെയും അറിവിനെയും ആശ്രയിച്ചിരിക്കുമെന്നതിനാൽ അത് പരീക്ഷയുടെ കെട്ടുറപ്പിനെ ബാധിക്കാൻ സാധ്യതയുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ അന്ധരായ പരീക്ഷാർത്ഥികളുടെ കാര്യത്തിൽ പുസ്തകമുപയോഗിച്ചെഴുതാവുന്ന ഡിപ്പാർട്ടുമെന്റൽ പരീക്ഷകൾ എഴുതുന്നതിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനോ ബ്രെയ്‌ലി ലിപിയിൽ അവർക്കായി പുസ്തകങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യണമെന്ന് പരാമർശത്തിലെ കത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിശദീകരിച്ചിട്ടുള്ള സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ അന്ധരായ ഉദ്യോഗസ്ഥരെ ഡിപ്പാർട്ടുമെന്റൽ പരീക്ഷയെഴുതുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടും അതിനുപകരം ചുവടെ പ്രതിപാദിക്കുന്ന പ്രകാരമുള്ള വാചാ പരീക്ഷ നിശ്ചയിച്ചുകൊണ്ടും അപ്രകാരമുള്ള പരീക്ഷ നടത്തുന്നതിന് അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡിപ്പാർട്ടുമെന്റൽ പരീക്ഷയ്ക്കു അപേക്ഷിക്കുന്ന അന്ധരായ ഉദ്യോഗാർത്ഥികൾക്ക് അക്കൗണ്ട് ടെസ്റ്റ് ലോവറിനും അക്കൗണ്ട് ടെസ്റ്റ് ഹയറിനും നിലവിലുള്ള സിലബസ് പ്രകാരം ലോവർ, ഹയർ നിലവാരത്തിൽ ഓരോ വാചാ പരീക്ഷകളും, ഓരോ വകുപ്പിനും നിർബന്ധിതമായിട്ടുള്ള (ഒബ്ലിഗേറ്ററി) പേപ്പറുകൾക്ക് ഓരോ വാചാപരീക്ഷയും, Manual of Office Procedure, District Office Manual, Secretariat Office manual തുടങ്ങിയ വിത്തൗട്ട് ബുക്ക് പേപ്പറുകൾക്ക് മറ്റൊരു വാചാ പരീക്ഷയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്നതാണ്. മാർക്കിംഗ് സമ്പ്രദായം നിലവിലുള്ളതുപോലെ പരമാവധി മാർക്ക് 100-ഉം ജയിക്കാനാവശ്യമായ മിനിമം മാർക്ക് 40-ഉം ആയി നിജപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി പ്രത്യേകമായി വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടി.ജെ.മാത്യു
സെക്രട്ടറി

എല്ലാ വകുപ്പ് തലവന്മാർക്കും നിയമനാധികാരികൾക്കും,
എല്ലാ അർദ്ധസർക്കാർ സ്ഥാപനമേധാവികൾക്കും,
കമ്പനി, കോർപ്പറേഷൻ ബോർഡ് മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും,
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന് (KS&SSR-ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്)
എല്ലാ ജില്ലാകളക്ടർമാർക്കും,
സെക്രട്ടറി, കേരള നിയമസഭ
രജിസ്ട്രാർ കേരള/കാലിക്കറ്റ്/കണ്ണൂർ/മഹാത്മഗാന്ധി /കാർഷിക/
സംസ്കൃത സർവ്വകലാശാലാകൾ (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
ഡയറക്ടർ, ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ്
(പത്രമാധ്യമങ്ങളിലൂടെയുള്ള വിശദമായ പ്രചരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ്കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ